**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 81** **27-06-2022 - ൽ മറുപടിയ്ക്ക്**

**പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലേക്ക് അതിക്രമിച്ച് കടന്നതായി പറയപ്പെടുന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലേക്ക് ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ യുവജന സംഘടനാ പ്രവർത്തകർ അതിക്രമിച്ച് കടന്ന് ജീവനക്കാരെ ആക്രമിക്കാൻ ശ്രമിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലുണ്ടായ സംഭവത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 610/2022 U/s 143, 147, 149, 447, 283 IPC & Sec 117 (e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കേസിന്റെ അന്വേഷണ പരിധിയിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ഉൾപ്പെടുന്നതാണ്. |
| (ബി) | പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പോലീസുകാരെയും ഉദ്യോഗസ്ഥരെയും പ്രസ്തുത പ്രവർത്തകർ ആക്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആക്രമിച്ചവർക്കെതിരെ നിസ്സാരമായ വകുപ്പുകൾ മാത്രം ചുമത്തിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിലേക്ക് അതിക്രമിച്ച് കടന്ന പ്രസ്തുത സംഭവത്തിന് പിന്നിൽ ഗൂഢാലോചന ഉണ്ടെങ്കിൽ അത് അന്വേഷിക്കാൻ തയ്യാറാകുമോ; | (സി) | (എ) യിൽ ചേർത്തിരിക്കുന്നു |
| (ഡി) | പ്രതിപക്ഷ നേതാവിനെയും മുഖ്യ പ്രതിപക്ഷകക്ഷിയുടെ സംസ്ഥാന പ്രസിഡന്റിനെയും കായികമായി നേരിടാൻ ഏതെങ്കിലും ജനപ്രതിനിധി ആഹ്വാനം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ പ്രേരണാകുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ